പാലക്കാട് ജില്ലാതല പരാതിപരിഹാര സമിതിയുടെ (Citizen Adalath Portal) ഒരു ഓൺലൈൻ യോഗം 07/07/2023 തീയതി രാവിലെ 10.30 ന് ചേർന്നതിന്റെ യോഗതീരുമാനങ്ങളും ഹാജർ നിലയും താഴെ ചേർക്കുന്നു.

**ഹാജർ**

1. ശ്രീ. പി.സി. ബാലഗോപാൽ, ജോയിൻറ് ഡയറക്ടർ, തസ്വഭവ
2. ശ്രീമതി.ശുഭ.ടി.എസ്, അസി.ഡയറക്ടർ-4
3. ശ്രീമതി.ദീപ, ജില്ലാ ടൌൺപ്ലാനർ
4. ശ്രീ.സജി തോമസ്, ഉപസമിതി കൺവീനർ, PKD-1
5. ശ്രീ.സുപ്രിയ.എ, ജൂനിയർ സൂപ്രണ്ട്, പരാതിപരിഹാരം
6. ശ്രീ ശശികുമാർ, മാനേജർ (പരാതിക്കാരൻ)

യോഗം 07/07/2023 തീയതി രാവിലെ 10.40 ന് ശ്രീ. പി.സി. ബാലഗോപാൽ, ജോയിൻറ് ഡയറക്ടർ, തസ്വഭവ അവർകളുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കാവശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെന്നിലാപുരം സരിഗ പബ്ലിക് സ്കൂളിന് കെട്ടിടനമ്പര് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ കെട്ടിടനിർമ്മാണചട്ടലംഘനം കണ്ടെത്തിയിട്ടുള്ളതിനാൽ നാളിതുവരെ കെട്ടിട നമ്പര് അനുവദിച്ചിട്ടില്ലാത്തത് സംബന്ധിച്ച് ഉപജില്ലാ സമിതി മുഖേന ലഭിച്ച ശ്രീ ശശികുമാർ എന്നവരുടെ പരാതി യോഗം ചർച്ച ചെയ്തു.

കെട്ടിടത്തിൻറെ മുൻവശം 3മീറ്റർ പാലിച്ചിട്ടില്ലാത്തതിനാല് KPBR-220b ചട്ട ലംഘനം നടന്നിട്ടുള്ളതാണെന്നും കൂടാതെ മറ്റ് രണ്ട് വശങ്ങളില് ആവശ്യത്തിന് സെറ്റ്ബാക്ക് പാലിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ പഞ്ചായത്ത് സെക്രട്ടറിക്ക് നേരിട്ട് കെട്ടിടനമ്പർ അനുവദിക്കുന്നതിന് ചട്ടപ്രകാരം നിർവ്വാഹമില്ലാത്തതാണെന്നും നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതായി ശ്രീ.സജി തോമസ്, ഉപസമിതി കൺവീനർ, PKD-1 യോഗത്തില് അറിയിച്ചു. കൂടാതെ ടി അപേക്ഷയില് ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാല് പരാതി സംബന്ധിച്ച അപേക്ഷയില് തുടർനടപടി സ്വീകരിക്കുന്നതിന് നിർവാഹമില്ലാത്തതാണെന്നും ശ്രീ.സജി തോമസ്, ഉപസമിതി കൺവീനർ, PKD-1 യോഗത്തില് അറിയിച്ചു.

കെട്ടിടത്തിൻറെ മുൻവശത്ത് KPBR-220b ചട്ട ലംഘനം നടന്നിട്ടുള്ള ഭാഗത്ത് വരുന്ന റോഡ് പഞ്ചായത്തിന് ടി സ്കൂൾമാനേജ്മെൻറ് വിട്ടുനൽകിയതാണെന്ന് പരാതിക്കാരൻ യോഗത്തില് അറിയിച്ചു. കൂടാതെ വിവരാവകാശനിയമം-2005 പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകളില് നിന്നും ടി റോഡ് വിജ്ഞാപനം ചെയ്യപ്പെട്ടത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമായിട്ടില്ല എന്നും പരാതിക്കാരൻ അറിയിച്ചു. സ്ഥലം പഞ്ചായത്തിനു വിട്ടുനൽകിയത് സംബന്ധിച്ച രേഖകള് സ്കൂളിൻറെ കൈവശം ലഭ്യമാണോ എന്ന് ജോയിൻറ് ഡയറക്ടര്, തസ്വഭവ ചോദ്യമുന്നയിച്ചതിന് ടി സ്ഥലം പഞ്ചായത്തിന് സൌജന്യമായി വിട്ടുനൽകിയതാണെന്ന് പരാതിക്കാരൻ അറിയിച്ചു. പൊതുവിദ്യാലങ്ങൾ, ആശുപത്രികൾ എന്നീ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഇളവ് അനുവദനീയമാണെന്നത് പരിഗണിച്ച് ടി അപേക്ഷയില് അനുകൂല നടപടി കൈക്കൊള്ളണമെന്ന് പരാതിക്കാരൻ അഭ്യർത്ഥിച്ചു.

ടി റോഡ് വിജ്ഞാപനം ചെയ്യതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളത് സംബന്ധിച്ച രേഖകളൊന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ലാത്തതാണെന്ന് ജില്ലാ ടൌൺപ്ലാനർ യോഗത്തിൽ അറിയിച്ചു. ആയത് സംബന്ധിച്ച് മറ്റൊരു കേസിൽ വിശദമായ വിധിന്യായം വന്നിട്ടുള്ളതാണെന്നും ജില്ലാ ടൌൺപ്ലാനർ അറിയിച്ചു.

ടി റോഡ് അസറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ടി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് 4 ദിവസത്തിനകം പഞ്ചായത്ത് സെക്രട്ടറിയില് നിന്നും ആവശ്യപ്പെടുന്നതിനായും ജോ.ഡയറക്ടർ അറിയിച്ചു. കൂടാതെ അടുത്ത യോഗത്തില് പഞ്ചായത്ത് സെക്രട്ടറിയെയും പരാതിക്കാരനെയും പങ്കെടുപ്പിക്കേണ്ടതാണെന്നും അറിയിച്ചുടി കേസ് സംബന്ധിച്ച കോടതിവിധി 23/7/2023 ന് പുറപ്പെടുവിക്കും എന്നതിനാല് ടി തീയതിക്ക് ശേഷം അടുത്ത യോഗം കൂടുന്നതിനും ജോ.ഡയറക്ടർ അറിയിച്ചു.

വിദ്യാഭ്യാസ സ്ഥാപനമായതിനാൽ അനുഭാവപൂർവ്വം പരാതി പരിഗണിക്കാവുന്നതാണെന്നും കോടതിവിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാമെന്നും ആവശ്യമെങ്കിൽ ബഹു.സർക്കാരിലേക്ക് പ്രത്യേക അനുമതിക്കായി സമർപ്പിക്കുന്നതിനായും ജില്ലാ സമതി അഭിപ്രായപ്പെട്ടു.

യോഗം കൃത്യം 11.30 ന് അവസാനിച്ചു.